**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം തൃശ്ശൂർ**
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി.ഒ, 680 003
ഫോൺ : 0487 2360616, ഇ–മെയിൽ : jdlsgdtcr@gmail.com

നമ്പർ : LSGD/JD/TSR/10309/2024-F1 തീയതി : **03.02.2025**

## ടെണ്ടർ പരസ്യം

2025 ഫെബ്രുവരി 18,19 തിയ്യതികളിൽ ഗുരുവായൂരിൽ വച്ച് നടക്കുന്ന കേരള സംസ്ഥാന തദ്ദേശ ദിനാഘോഷം -രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി രജിസ്ട്രേഷൻ പ്രതിനിധികൾക്ക് നൽകുവാനുള്ള 500 മില്ലി ലിറ്റർ വെള്ളം നിറക്കാവുന്ന 3000 എണ്ണം സ്റ്റീൽ ബോട്ടിലുകൾ വിതരണം നടത്തുന്നതിന് തയ്യാറായിട്ടുള്ളവരിൽ നിന്ന് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നു.

| സ്പെസിഫിക്കേഷൻ | അടങ്കൽ തുക | Cost of tender form | നിരതദ്രവ്യം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 500 മില്ലി ലിറ്റർ വെള്ളം നിറക്കാവുന്ന 3000 എണ്ണം സ്റ്റീൽ ബോട്ടിലുകൾ (Stainless steel, Reusable, Leak Proof,Airtight seals & Secure lid,wide mouth, Rust Free,Light Weight ) | 4,50,000/- | 900 | 11250 | കൺവീനർ രജിസ്ട്രേഷൻ കമ്മിറ്റി,തദ്ദേശ ദിനാഘോഷം 2025 |

- ടെണ്ടർ ഫോറങ്ങൾ വിതരണം നടത്തുന്ന അവസാനതീയതി – **10.02.2025 1 P M**

- പൂരിപ്പിച്ച ടെണ്ടർ ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി – **10.02.2025 തിങ്കൾ 2 പി എം**
- ലഭിച്ച ടെണ്ടറുകൾ തുറക്കുന്ന സമയം – **10.02.2025 തിങ്കൾ 3 പി എം**
- ടെണ്ടർ സ്വീകരിക്കുന്ന സ്ഥലം – തസ്വഭവ- തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം , കളക്ട്രേറ്റ് സെക്കന്റ് ഫ്ലോർ , അയ്യന്തോൾ

**നിർദേശങ്ങൾ**

**1.** തദ്ദേശദിനാഘോഷം **2025** രജിസ്ട്രേഷൻ കമ്മിറ്റിയുടെയും ,ഫിനാൻസ് കമ്മിറ്റിയുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് ടെണ്ടർ അംഗീകരിക്കുന്നത്**.**

**2.** പർച്ചേസ് ചെയ്യുന്ന ബോട്ടിലുകളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നതിന് രജിസ്ട്രേഷൻ കമ്മിറ്റിക്ക് അധികാരമുണ്ട്**.**

3. ടെണ്ടർ ലഭിക്കുന്ന കരാറുകാരൻ നിയമാനുസൃത തുകക്കുള്ള മതിയായ മുദ്രപത്രത്തിൽ പ്രാഥമിക കരാർ വയ്ക്കേണ്ടതാണ്.

4. ടെണ്ടർ പ്രകാരമുള്ള സാധനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും ഏജൻസികൾ സ്വന്തം ഉത്തരവാദിത്വത്തിൽ ഇറക്കി തരേണ്ടതാണ് .

5. ലഭിച്ച ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്ന സമയത്ത് ഏറ്റവും കുറഞ്ഞ നിരക്കിലും , തദ്ദേശദിനാഘോഷ പ്രതിനിധികൾക്ക് കുടിവെള്ളത്തിന് നൽകുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തുന്ന ബോട്ടിലുകളുടെ ടെണ്ടറുകളായിരിക്കും അംഗീകരിക്കുന്നത്.

6. എല്ലാത്തരം നികുതികളും സപ്ലൈ, ലോഡിങ്ങ് , അൺലോഡിങ്ങ് ലേബർ , & മെറ്റീരിയൽ ചാർജ്ജ് ഉൾപ്പടെയുള്ള തുകയായിരിക്കണം കോട്ട് ചെയ്യേണ്ടത്.

7.ടെണ്ടർ സമർപ്പിക്കുന്ന ബോട്ടിൽ സാമ്പിൾ , ടെണ്ടർ അവസാനിക്കുന്ന തിയ്യതി തന്നെ ഹാജരാക്കേണ്ടതും ,ആയത് പർച്ചേസ് കമ്മിറ്റിയുടെ പരിശോധനക്ക് വിധേയമാക്കുന്നതുമാണ്. ബോട്ടിൽ സാമ്പിളുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകാരങ്ങൾ തുടർനടപടിക്ക് പരിഗണിക്കുന്നതല്ല. ബോട്ടിൽ സാമ്പിൾ പരിശോധനയും,

ബോട്ടിൽ തെരെഞ്ഞെടുക്കുന്നതിലും  പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം അന്തിമ മായിരിക്കും.

8.സ്റ്റീൽ ബോട്ടിൽ ഒരെണ്ണത്തിന് വരുന്ന യൂണിറ്റ് തുകയാണ്  ടെണ്ടറിൽ രേഖപ്പെടു ത്തേണ്ടത്.

9. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം സ്റ്റീൽ ബോട്ടിലിന്റെ ഗ്യാരണ്ടി നൽകേണ്ടതും , ഗ്യാരണ്ടി കാലയളവിൽ സംഭവിക്കുന്ന കേടുപാടുകൾക്ക് വിതരണക്കാരന്റെ സ്വന്തം ചെലവിലും ,ഉത്തരവാദിത്വത്തിലും ബോട്ടിൽ മാറ്റി തരുകയോ ,കേടുപാടുകൾ തീർത്തു തരുകയോ ചെയ്യേണ്ടതാണ്.

10. സാധനസാമഗ്രികൾ വിതരണം ചെയ്തു, ഉദ്യോഗസ്ഥരുടെ പരിശോധനക്കു ശേഷം മാത്രമേ ബില്ല് മാറിത്തരുകയുള്ളൂ .

11. ടെണ്ടർ സ്വീകരിക്കുന്ന തിയതി അവധിയാണെങ്കിൽ ടെണ്ടറുകൾ അടുത്ത പ്രവർത്തി ദിവസം തുറക്കുന്നതായിരിക്കും

12. ബോട്ടിൽ പർച്ചേസ് ടെണ്ടർ സംബന്ധിച്ചുള്ള എല്ലാ വിഷയങ്ങളിലും ഫിനാൻസ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

13. ടെണ്ടർ റദ്ദ് ചെയ്യുന്നതിനും മാറ്റിവയ്ക്കുന്നതിനും ഉള്ള അധികാരം രജിസ്ട്രേഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

സ്ഥലം: തൃശ്ശൂർ

തിയ്യതി:03.02.2025

കൺവീനർ

രജിസ്ട്രേഷൻ  കമ്മിറ്റി

തദ്ദേശ ദിനാഘോഷം 2025